സി.ജി(2) 57933/13

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 3/2/2014

Email : : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Tel : No. 0471 2330726

# സർക്കുലർ നമ്പർ 6 /2014

വിഷയം: സഹകരണ വകുപ്പ് - സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000/- രൂപ വരെയുള്ള വായ്പകൾക്ക് കടാശ്വാസം-മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച്.

സൂചന:1) 12.11.2009 ലെ സ.ഉ.(അച്ചടി) നമ്പർ 100/09/പജപവവിവ
2) സഹകരണ സംഘം രജിസ്ട്രാറുടെ 61/09, നമ്പർ സർക്കുലർ മാർഗ്ഗ നിർദ്ദേശം .
3) 10.12.2013 ലെ സ.ഉ.(അച്ചടി) നമ്പർ 99/2013/പജപവവിവ.

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നൽകിയിരുന്നു.

മേൽ പരാമർശ ഉത്തരവിലൂടെ പുറപ്പെടുവിച്ച പദ്ധതിയ്ക്ക് കൂടുതൽ പ്രയോജനം വരത്തക്കവിധം വായ്പ തുകയുടെ പരിധി വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിഗണിച്ച് സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ എടുത്തിട്ടുള്ളതും 31.3.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശിക ആയിട്ടുള്ളതുമായ വായ്പാ കുടിശ്ശികയിന്മേൽ സർക്കാരിന് ഏറ്റെടുക്കാവുന്ന ബാധ്യതയുടെ പരിധിയും, വായ്പ തുകയുടെ പരിധിയും സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 25000/-രൂപയിൽ നിന്ന് 50,000/-രൂപയായി വർദ്ധിപ്പിച്ച് സൂചന (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 31.3.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ 50,000/-രൂപയിൽ താഴെയുള്ള വായ്പകളിൽ മുതലും, സ്ഥാപനങ്ങൾ മറ്റ് ധനകാര്യസ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പെടെ 50000/-രൂപവരെ സർക്കാർ വഹിക്കുന്നതാണ്. ഇതിനു മുകളിൽ വരുന്ന പലിശ, പിഴപലിശ, മറ്റു ചിലവുകൾ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതിതള്ളേണ്ടതും, ശേഷിക്കുന്ന തുക ഉണ്ടെങ്കിൽ അത് വായ്പക്കാരന്റെ ബാധ്യതയുമായിരിക്കും.
2) 50,000/-രൂപയ്ക്ക് മുകളിലുള്ളതും, കുടിശ്ശികയായിട്ടുള്ളതുമായ വായ്പകളിൽ മുതലും സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പെടെ 50,000/-രൂപവരെ സർക്കാർ വഹിക്കുന്നതാണ്. ഇതിനു മുകളിൽ വരുന്ന പിഴപലിശ, വായ്പ ഈടാക്കാനുണ്ടായിട്ടുള്ള ചെലവ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേണ്ട പലിശയിൽ കൂടുതലായി സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ അതാത് സ്ഥാപങ്ങൾ എഴുതിതള്ളേണ്ടതും, ശേഷിക്കുന്ന തുക (മുതൽ) വായ്പക്കാരന്റെ ബാധ്യതയുമായിരിക്കും(ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി)
3) വായ്പക്കാരന്റെ വാർഷിക വരുമാന പരിധി 1.50(ഒന്നര) ലക്ഷം രൂപയായിരിക്കും.
4) 31.3.2009 വരെയുള്ള പലിശ സർക്കാരിൽ നിന്നുള്ള നഷ്ട പരിഹാരത്തിന് കണക്കാക്കാവുന്നതാണ്. പദ്ധതിയിൽ ഉൾപ്പെട്ട് തീർപ്പാക്കുന്ന വായ്പകളിൽ 1.4.2009 ന് ശേഷം പലിശയോ പിഴപലിശയോ ഈടാക്കാവുന്നതല്ല.
5) ഒരു ഗുണഭോക്താവിന്റെ ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരം പരിഗണിക്കപ്പെടുകയുള്ളു.
6) വായ്പക്കാരൻ വായ്പ എടുത്ത സമയത്ത് അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ലാത്ത പക്ഷം അവ ഹാജരാക്കേണ്ടതാണ്. എന്നാൽ പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ടി പദ്ധതി ആനുകൂല്യത്തിനായി സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.
7) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് വായ്പക്കാരൻ അടയ്ക്കേണ്ട വിഹിതം(മുതൽ) 31/3/14 നകം ഒന്നായോ, തവണകളായോ അടയ്ക്കേണ്ടതാണ്. ഇപ്രകാരം ടി തീയതിയ്ക്കകം തുക അടച്ചു തീർക്കുന്ന വായ്പകൾക്ക് മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടാകൂ.

സംഘം/ബാങ്ക് ഭരണസമിതി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമാ മാതൃകയിൽ തയ്യാറാക്കിയ പട്ടിക സാക്ഷ്യപ്പെടുത്തി 10.4.14 ന് മുമ്പായി ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)ന് സമർപ്പിക്കേണ്ടതും, ടിയാൻ പ്രീ-ആഡിറ്റ് പരിശോധനകൾക്ക് ശേഷം പട്ടികകൾ ജില്ലാ ജോയിന്റ് ഡയറക്ടർക്ക് (ആഡിറ്റ്) 25/4/14 നകം സമർപ്പിയ്ക്കേണ്ടതുമാണ്. ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) അർഹത ഉറപ്പ് വരുത്തിയ ശേഷം പട്ടികകൾ തുടർ പരിശോധനയ്ക്ക് സൂക്ഷിക്കുന്നതിനായി ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)ന് 30/4/14-ന് മുമ്പായി നൽകേണ്ടതുമാണ്. 50,000 രൂപ

യിൽ താഴെയുള്ള വായ്പകൾക്കും, 50,000/-രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്കും പ്രത്യേകം പ്രത്യേകം പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആനുകൂല്യ പട്ടികകളുടെ അർഹത ഉറപ്പ് വരുത്തി ഓരോ സംഘത്തിനും/ബാങ്കിനും ആനുകൂല്യമായി ലഭിക്കേണ്ട വായ്പകളുടെ എണ്ണവും, തുകയും അടങ്ങിയ സംക്ഷിപ്തം പ്രത്യേകം പ്രത്യേകം തയ്യാറാക്കിയത് (2 പ്രോഫോർമകളിലായി) 10.5.14-ന് മുൻപായി ടിയാന്റെ ശുപാർശയോടെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ആനുകൂല്യത്തിന് അർഹതയുള്ള ആരും പട്ടികയിൽ നിന്നും ഒഴിവായിട്ടില്ലായെന്ന് ബന്ധപ്പെട്ട സംഘം/ബാങ്ക് ഭരണസമിതിയും വകുപ്പുതല ഉദ്യോഗസ്ഥൻമാരും ഉറപ്പാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശം സഹകരണ സംഘങ്ങളുടെയും/ബാങ്കുകളുടെയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്,
**കെ.ഗോപാലകൃഷ്ണ ഭട്ട്.ഐ.എ.എസ്**
**സഹകരണസംഘം രജിസ്ട്രാർ**

<u>പകർപ്പ്:-</u>

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ (ജനറൽ & ആഡിറ്റ്) മാർക്കും
2. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. സെക്രട്ടറി, കേരള കർഷക കടാശ്വാസ കമ്മീഷൻ
5. ജോയിന്റ് ഡയറക്ടർ /കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
6. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ / കൺകറന്റ് ആഡിറ്റർമാർക്കും.
7. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ ആഡിറ്റ് മുഖേന)
8. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
10. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
11. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
12. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
13. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
14. സ്റ്റോക്ക് ഫയൽ/സ്പെയർ.
15. വെബ്സൈറ്റ്

## പ്രൊഫോർമ

സംഘത്തിന്റെ/ബാങ്കിന്റെ പേര്

| ക്രമനം | വായ്പക്കാരന്റെ പേര് | വായ്പക്കാരന്റെ സമുദായം/SC | വായ്പക്കാരന്റെ മേൽവിലാസം | പലിശ നിരക്ക് | | | | | സർക്കാർ ബാധ്യത | | | സംഘം/ബാങ്ക് ബാധ്യത | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സംഘത്തിന്/ബാങ്കിന് ലഭിക്കേണ്ടത് | സംഘം/ബാങ്ക് ഫിനാൻസിങ്ങ് ബാങ്കിന് നൽകേണ്ടത് | വായ്പാ നമ്പർ | അസ്സൽ മുതൽ തുക | 31.3.2006 ലെ കുടിശ്ശിക തുക | 31.3.2009 ലെ കുടിശ്ശിക മുതൽ | 31.3.2009 -ൽ കുടിശ്ശിക പലിശ ഫിനാൻസിംഗ് ബാങ്കിന് നൽകേണ്ടത് | ആകെ | ഫിനാൻസിംഗ് ബാങ്കിന്റെ പലിശ നിരക്കിനുപരിയായി ഈടാക്കിയ പലിശ തുക | പിഴ പലിശ | മറ്റ് ചിലവുകൾ | സംഘത്തിന്റെ ആകെ ബാദ്ധ്യത | വായ്പക്കാരന്റെ വാർഷിക വരുമാനം(വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയത്) |
| | | | | | | | | | | | | | | | | |

സഹകരണ സംഘം ആഡിറ്റർ, പേര് ഒപ്പ്, സംഘം/ബാങ്ക് സെക്രട്ടറി പേര് ഒപ്പ്

താലൂക്ക് അസി.ഡയറക്ടർ (ആഡിറ്റ്) പേര് ഒപ്പ്, സംഘം/ബാങ്ക് പ്രസിഡന്റ് പേര് ഒപ്പ്

ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) പേര്